മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്

117 (2396) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നതിനായി കഴിഞ്ഞ മുന്ന് സാമ്പത്തിക വർഷത്തിൽ ഓരോന്നിലും എത്രതുക വീതം ഫണ്ട് അനുവദിച്ചു എന്നും എത്ര തുക വീതം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു എന്നും വ്യക്തമാക്കുമോ ;

(ബി) അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ് ലഭിച്ചിട്ടില്ല എന്ന പരാതി സർക്കാരിന് കിട്ടിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) മത്സ്യത്തൊഴിലാളി സമൂഹത്തിലെ വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് ഇപ്പോൾ നൽകി വരുന്നത് ഏത് വകുപ്പിന്റെ ബഡ്ജറ്റ്ഹെഡ്ഡിൽ നിന്നാണെന്ന് വ്യക്തമാക്കുമോ ;

(ഡി) മേലിൽ ഇതിനായുള്ള തുക ഫിഷറീസ് വകുപ്പിന്റെ തന്നെ ബഡ്ജറ്റ്ഹെഡ്ഡിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിശദവിവരം ചുവടെ ചേർക്കുന്നു :

വർഷം	ബഡ്ജറ്റിൽ അനുവദിച്ച തുക (രൂപ)	വിതരണം ചെയ്ത തുക (രൂപ)
2000-01	2,50,00,000	2,55,48,651
2001-02	2,50,00,000	2,45,53,559
2002-03	2,50,00,000	2,49,11,841

(ബി) നിലവിലുള്ള നിയമപ്രകാരം അർഹതയുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഫിഷറീസ് വകുപ്പിൽ നിന്നും ലംപ്സംഗ്രാന്റ് നൽകി വരുന്നുണ്ട്.

(സി) ഫിഷറീസ് വകുപ്പിന്റെ ഹെഡ്ഡിൽ നിന്നാണ് നൽകിവരുന്നത്.

(ഡി) പ്രസക്തമല്ല.

മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ വായ്പ കുടിശ്ശിക

118 (2397) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങളും നിശ്ചയിച്ച മാനദണ്ഡവും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വായ്പയ്ക്ക് അപേക്ഷകൾ അനുവദിക്കുന്നത് ഏത് സമിതിയാണ് ; ആരെല്ലാമാണ് ഈ സമിതിയിലെ അംഗങ്ങൾ ;

LIBRARY ARCHIVES Kerala Legislative Assembly